47 (1088) കായംകുളം വനിതാ പോളിടെക്നിക് നിർമ്മിക്കാൻ സാമ്പത്തിക സഹായം

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം വനിതാ, പോളിടെക്നിക്കിന്റെ 210 ലക്ഷം രൂപ യുടെ എസ്റ്റിമേറ്റിന് ധനകാര്യ വകുപ്പ് അനുമതി നൽകാതെ ഡിസംബർ മാസ ത്തിൽ തള്ളിക്കളഞ്ഞു എന്ന വിദ്യാഭ്യാസ- മരാമത്ത് വകുപ്പിന്റെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച യഥാർത്ഥ വിവരങ്ങൾ വെളിപ്പെ ടുത്തുമോ;

(സി) കായംകുളം വനിതാ പോളിടെക്നിക് നിർമ്മിക്കാൻ ധനകാര്യ വകുപ്പ് നൽകിയ സാമ്പത്തിക സഹായങ്ങൾ വിശദീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത പോളിടെക്നിക്കിന്റെ ഭരണാനുമതിയ്ക്കുള്ള ശുപാർശ, 1999 ഡിസംബറിൽ ധനകാര്യവകുപ്പിന്റെ അനുമതിക്കയച്ചിരുന്നെ ങ്കിലും, എസ്റ്റിമേറ്റ് 99 ലെ പുതുക്കിയ ഷെഡ്യൂളനുസരിച്ചല്ലാത്തതിനാൽ ടെൻഡർ എക്സസ് അധികരിക്കുമെന്നതിനാലാണ് മാറ്റി വയ്ക്കപ്പെട്ടത്. എങ്കിലും ജനുവരി മാസത്തിൽ തന്നെ ഭരണ വകുപ്പ് ടി എസ്റ്റിമേറ്റ് ബഹു. ധനകാര്യ മന്ത്രിയുടെ അംഗീകാരത്തോടുകൂടി, കരട് സർക്കാർ ഉത്തരവ്, ധന കാര്യ വകുപ്പിലയയ്ക്കുകയും അതനുസരിച്ച് അനുമതി നൽകുകയും ചെയ്തിട്ടുള്ളതാകുന്നു.

(സി) ഈ സാമ്പത്തിക വർഷം കായംകുളം വനിതാ പോളിടെക്നി ക്കിന് 100 ലക്ഷം(നൂറ് ലക്ഷം) രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

48 (1089) കാട്ടുതീ പടരുന്നതുമൂലമുള്ള നാശനഷ്ടങ്ങൾ

ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചില സ്ഥലങ്ങളിൽ കാട്ടുതീ പടരുന്നതുമൂലം വൻതോതിലുള്ള നാശനഷ്ടങ്ങൾ ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം കാട്ടുതീ ഉണ്ടാകുന്നതിനുള്ള കാരണം എന്താ ണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) കാട്ടുതീ നിയന്ത്രിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടിക ളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ജനവാസം കൂടുതലുള്ള സ്ഥലങ്ങളിലും വരൾച്ച കൂടുതലുള്ള വനപ്രദേശങ്ങളിലും കാട്ടുതീ ഉണ്ടാവാൻ സാദ്ധ്യതയുണ്ട്. വനത്തിനുള്ളിൽ കന്നുകാലിമേയ്ക്കുന്നവരിൽ നിന്നും അനധികൃതമായി നായാട്ടുനടത്തുന്നവരിൽ നിന്നും കാട്ടുതീ ഉണ്ടാകാനുള്ള സാദ്ധ്യത കൂടുതലാണ്. എന്നാൽ യാദൃച്ഛികമായും ചിലപ്പോൾ ബോധപൂർവ്വം വനത്തിൽ പുല്ലു വളരുന്ന ഭാഗങ്ങളിൽ മഴക്കാലത്ത് പുല്ലു കിളിർക്കുന്നതിനുവേണ്ടി വേനൽക്കാലത്ത് തീ ഇടുന്ന സംഭവങ്ങൾ ഉണ്ടായിയിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ മിക്കവാറും കന്നുകാലി വളർത്തുന്നതിൽ നിന്നുമാണ് ഉണ്ടായിട്ടുള്ളത്.

(സി) കാട്ടുതീ തടയുന്നതിന് ഫലപ്രദമായ നിരവധി പദ്ധതികൾ വനംവകുപ്പ് ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. വനത്തിൽ നിലവിലുള്ള റോഡുകളുടെ ഇരുവശവും സ്വാഭാവിക വനങ്ങൾക്കു ചുറ്റും മൂന്നുവർഷം വരെ പ്രായമായ തോട്ടങ്ങൾക്കു ചുറ്റും ഫയർ ലൈൻ തെളിക്കുക, കാട്ടുതീ ഉണ്ടായാൽ അത് അണയ്ക്കുന്നതിന് ഫയർ മസ്ദൂർമാരെ നിയമിക്കുക. തുടങ്ങിയ പ്രവൃത്തികൾ ചെയ്തു വരുന്നു. കൂടാതെ വനംവകുപ്പിലെ വനസംരക്ഷണ വിഭാഗം ജീവനക്കാർക്ക് അഗ്നിശമന പ്രവർത്തനങ്ങളിൽ പരിശീലനം നൽകുകയും ഫയർവാച്ച് ടവറുകൾ നിർമ്മിക്കുകയും അഗ്നിശമന ഉപകരണങ്ങൾ, വയർലസ് സെറ്റുകൾ എന്നിവ ഉപയോഗിക്കുകയും വനത്തിനു സമീപം താമസിക്കുന്ന ജനങ്ങൾക്ക് ബോധവൽക്കരണ പരിപാടികൾ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

49 (1090) വനോൽപ്പന്നങ്ങളുടെ വിപണനത്തിൽ നിന്നും ലഭിച്ച തുക

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ :

ശ്രീ. ആർ ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ സാമ്പത്തികവർഷവും വനോൽപ്പന്നങ്ങളുടെ വിപണനത്തിൽ നിന്ന് എന്തു തുക ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ചന്ദനം തുടങ്ങിയ ഉൽപ്പന്നങ്ങൾ വനത്തിൽ നിന്ന് കടത്തിക്കൊണ്ടു പോകുന്ന മാഫിയസംഘം സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട് എന്നുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വനം മാഫിയയെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) ഇതിൽ സർക്കാരുമായി ബന്ധപ്പെട്ട ആരെങ്കിലുമോ ഏതെങ്കിലും ഏജൻസിയോ ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly